രൂപയും ഡിമാന്റ് XXXVI-ൽ ഉൾപ്പെടുത്തി ഖരമാലിന്യം നിർമ്മാർജ്ജനം ചെയ്യുന്ന പദ്ധതിക്കായി 2,50,00,000 രൂപയുമാണ് വിതരണം ചെയ്യേണ്ടിയിരുന്നത്. മേൽ തുകകൾ വിതരണം ചെയ്തിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ബാധകമല്ല.

59 (1810) കുളനട ഗ്രാമപഞ്ചായത്തിനുള്ള ജനകീയാസൂത്രണ പദ്ധതി വിഹിതം

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറൻമുള നിയോജകമണ്ഡലത്തിലെ കുളനട ഗ്രാമപഞ്ചായത്തിന് ജനകീയാസൂത്രണ പദ്ധതി നടപ്പിലാക്കുന്നതിന് 1998-99-ൽ എന്തു തുക അനുവദിച്ചിട്ടുണ്ട്;

(ബി) ഇതിൽ 1999 മാർച്ച് 15 വരെ എന്തുതുക ചെലവായിട്ടുണ്ട്;

(സി) ഇതിൽ ഏതൊക്കെ മേഖലയിൽ എന്തു തുക വീതമാണ് വകകൊള്ളിച്ചിട്ടുള്ളതെന്നും ഇതിൽ ഓരോ ഇനത്തിനും 1999 മാർച്ച് 15 വരെ എന്തു തുക ചെലവായിട്ടുണ്ടെന്നും അറിയിക്കാമോ;

(ഡി) 1998-99-ലേക്ക് അനുവദിച്ചിട്ടുള്ള തുകയിൽ എല്ലാ ഗഡുക്കളും വാങ്ങിയിട്ടുണ്ടോ;

(ഇ) 1998-99-ലേക്ക് പ്രസ്തുത പഞ്ചായത്ത് ലക്ഷ്യമിട്ടിട്ടുള്ള ടാർജറ്റ് പൂർത്തിയാക്കാൻ കഴിയുമോ?

ഉത്തരം

(എ) 49.29 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) 15,44,615 രൂപ

(സി)

മേഖല	അലോട്ട്മെന്റ് (രൂപ)	ചെലവു ചെയ്തത് (രൂപ)
1. ഉല്പാദന മേഖല	19,43,000	9,23,211
2. സേവന മേഖല	17,94,200	3,91,080
3. പശ്ചാത്തല മേഖല	11,91,800	2,30,324
ആകെ	49,29,000	15,44,615

(ഡി) വാങ്ങിയിട്ടുണ്ട്.

(ഇ) കഴിയുമെന്നാണ് റിപ്പോർട്ട്.

60 (1811) തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് ഗ്രാന്റ് നൽകിയ കൈത്തറി സഹകരണ സംഘങ്ങൾ

ശ്രീ. ബി. വിജയകുമാർ :

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് 1998-99-ൽ ഗ്രാന്റ് നൽകിയ കൈത്തറി സഹകരണ സംഘങ്ങളിൽ ഏറ്റവുമൊടുവിൽ അംഗങ്ങളെ ചേർത്തതെന്നാണ്;

(ബി) ഗ്രാന്റ് അനുവദിക്കുന്ന തീയതിയിൽ ഈ സംഘങ്ങളിലോരോന്നിലും എത്ര അംഗങ്ങൾ വീതമുണ്ട്;

(സി) ഈ ഓരോ സംഘങ്ങൾക്കുവേണ്ടിയും ഇക്കഴിഞ്ഞ 3 വർഷത്തിൽ ജില്ലാ വ്യവസായ കേന്ദ്രം നൽകിയ ആനുകൂല്യങ്ങൾ എന്തെല്ലാമായിരുന്നു;

(ഡി) ഈ ആനുകൂല്യങ്ങളുടെ ഫലം സാധാരണക്കാരായ കൈത്തറി തൊഴിലാളികൾക്ക് നല്കിയിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ കാരണമെന്ത്;

(എഫ്) തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് കൈത്തറി സംഘങ്ങൾക്കനുവദിച്ച ഗ്രാന്റ് പുനഃപരിശോധിക്കണമെന്ന ആവശ്യം ഉയർന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരിൽ നിന്നെല്ലാമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) വിവരം ലഭ്യമല്ല.

(ബി) പട്ടിക അനുബന്ധമായി ചേർക്കുന്നു.†

(സി) വിവരം തദ്ദേശഭരണ വകുപ്പിൽ ലഭ്യമല്ല.

(ഡി) ഉദിക്കുന്നില്ല.

(ഇ) ഉദിക്കുന്നില്ല.

(എഫ്) ഉണ്ട്. ഹാന്റ്ലൂം പ്രൊട്ടക്ഷൻ ഫോറം സംഘടനയിൽ നിന്നും, ചില തൊഴിലാളി സംഘടനകളിൽ നിന്നും.

61 (1812) നഗരങ്ങളിലെ ഓടകൾ ശുചിയാക്കുന്നതിന് നടപടി

ശ്രീ. കെ.എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണ പദ്ധതിയിൽപ്പെടുത്തി നഗരങ്ങളിലെ ഓടകളിൽനിന്നും ഉയരുന്ന ദുർഗന്ധം ഇല്ലാതാക്കുന്നതിനും ഓടകളിൽ ചപ്പുചവറ് നിക്ഷേപിക്കുന്നത് തടയുന്നതിനും എന്തെങ്കിലും പദ്ധതിയുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതെന്തെന്ന് വിശദീകരിക്കുമോ;

(സി) തിരുവനന്തപുരം നഗരത്തിൽ എം.പി. അപ്പൻ റോഡ് കണ്ണേറ്റുമുക്ക്-കുരുക്കുവിളാകം വഴി പോകുന്ന ഓടയ്ക്ക് സ്ളാബിട്ട് മൂടുവാൻ തിരുവനന്തപുരം കോർപ്പറേഷന് എന്തെങ്കിലും പദ്ധതിയുണ്ടോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly